മലയാള മനോരമ

2011 മേയ് 22 ഞായർ



*കുറുംബട്രസ്റ്റിന്റെ ഒൻപതാമത് സമൂഹവിവാഹം കെ.ഇ.ഇസ്മായിൽ എംപി ഉദ്ഘാടനം ചെയ്യുന്നു.*

# കുറുംബ ട്രസ്റ്റിന്റെ സമൂഹ വിവാഹത്തിൽ 20 പേർ സുമംഗലികളായി

വടക്കഞ്ചേരി: ശോഭാ ഡവലപ്പേഴ്സ് ചെയർമാൻ പി.എൻ.സി. മേനോൻ ട്രസ്റ്റിയായുള്ള കുറുംബ ട്രസ്റ്റ് നടത്തുന്ന ഒൻപതാമത് സമൂഹവിവാഹത്തിൽ വടക്കഞ്ചേരി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ 20 യുവതികൾ സുമംഗലികളായി. മൂലങ്കോട് കുറുംബ കല്യാണ മണ്ഡപത്തിൽ നടന്ന സമൂഹ വിവാഹത്തിന് ജനസഞ്ചയം സാക്ഷികളായി.

കെ.ഇ. ഇസ്മായിൽ എംപി, നിലവിളക്കിൽ ആദ്യ തിരിതെളിയിച്ചു. തുടർന്ന് പി.കെ.ബിജു എംപി, നിയുക്ത എംഎൽഎ എം.ചന്ദ്രൻ, മുൻ മന്ത്രി വി.സി.കബീർ, സി.ടി.കൃഷ്ണൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.ബാലൻ, കെ.കുമാരൻ, ട്രസ്റ്റ് വൈസ് ചെയർമാൻ രവിമേനോൻ, പി.എൻ. സി. മേനോന്റെ സഹോദരൻ പി.എൻ.മണി, സഹോദരി ബാലാമണി തുടങ്ങിയവരും പങ്കെടുത്തു. പുത്തൻകുളമ്പ് സ്വദേശി നാണിയുടെ മകൾ സുജിതയുടെയും കൊടുവായൂർ ചേങ്ങരത്ത് സ്വാമിനാഥന്റെയുമാണ് ആദ്യം നടന്ന വിവാഹം. പി.എൻ.സി. മേനോന്റെ സഹോദരി ബാലാമണി സ്വാമിനാഥന് താലിമാലയും മോതിരങ്ങളും നൽകി. ട്രസ്റ്റ് വൈസ് ചെയർമാൻ രവിമേനോൻ പൂമാലയും ബൊക്കയും നൽകി.

ട്രസ്റ്റ് ഇതുവരെ 291 വിവാഹങ്ങളാണ് നടത്തിയത്. അതിൽ കഴിഞ്ഞവർഷം ഡിസംബറിൽ വിവാഹിതരായ 40 പേരും ചടങ്ങിൽ പങ്കെടുത്തു.

കിഴക്കഞ്ചേരി, വടക്കഞ്ചേരി പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ കെ.ഇ. ഹനീഫ, വി.സുകുമാരൻ, പി.ടി.ഉഷ, ഭർത്താവ് പ്രഭാകരൻ, ട്രസ്റ്റ് ഭാരവാഹികളായ കേണൽ വി.കെ.ബാലൻ, എ.ആർ.കുട്ടി, എം.പി.സേതുമാധവൻ, ഡോ. പി.ഗംഗാധരൻ , എം.പി. സേതുമാധവൻ എന്നിവരും പങ്കെടുത്തു. 40 നിർധന യുവതികൾക്കാണ് ട്രസ്റ്റ് വിവാഹം നടത്തികൊടുക്കുന്നത്. അതിൽ ആദ്യത്തെ 20 വിവാഹമാണ് ഇന്നലെ നടന്നത്. അടുത്ത വിവാഹം ഡിസംബറിൽ നടക്കും.